നം. 2019/101/6200/HQ 01.12.2019

സ്വീകർത്താവ്

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
(എല്ലാ ജില്ലകളിലേയും)

സർ,

വിഷയം:- കില – തദ്ദേശ സ്വയംഭരണ വകുപ്പ് – കേരളത്തിലെ 446 സ്കൂളുകളിലെ നവീകരണവുമായി ബന്ധപ്പെട്ട യോഗങ്ങളും പ്രവർത്തനങ്ങളും – സംബന്ധിച്ച്

2019 നവംബർ 28ാം തീയ്യതി ചേർന്ന ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സാന്നിധ്യത്തിലും ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷന്മാരുടേയും ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കത്ത്.

**അടിയന്തിരമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും സമയക്രമങ്ങളും താഴെ പറയുന്നു.**

1. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ എന്ന നിലയിൽ, നിർദ്ദേശിക്കപ്പെട്ട സ്കൂളുകൾ ഉൾപ്പെട്ട സ്ഥലങ്ങളിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, മേയർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരുടെ അടിയന്തിര യോഗം വിളിച്ചു ചേർക്കണം. ഇതിൻ പ്രകാരം പ്രവർത്തനങ്ങളും കൃത്യമായ സമയക്രമവും ഉത്തരവാദിത്തവും തീരുമാനിക്കേണ്ടതാണ്.

2. എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ നിർദ്ദേശിക്കപ്പെട്ട സ്കൂളുകൾ സന്ദർശിച്ച് **2019 ഡിസംബർ 7 നകം** റിപ്പോർട്ട് നൽകണം. ചുമതല - ജില്ലാതല തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

3. അതാത് സ്കൂളുകളുമായി ബന്ധപ്പെട്ട പ്രാദേശിക യോഗങ്ങൾ ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്കൂൾ അധികൃതർ/പി.റ്റി.എ/മറ്റ് ബന്ധപ്പെട്ട കമ്മിറ്റികളേയും സംഘടനകളേയും ഉൾപ്പെടുത്തിക്കൊണ്ട് **2019 ഡിസംബർ 15 ന് മുമ്പായി** ചേരണം. ചുമതല – അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ.

ഈ യോഗത്തിൽ തീരുമാനിക്കേണ്ട കാര്യങ്ങൾ:

- സമഗ്ര ഭാവി വികസനത്തിന് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താവുന്ന നിർദ്ദേശങ്ങളും അവയുടെ സ്ഥാന നിർണ്ണയവും. .
- ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കോടി രൂപ താഴെ ചിലവിൽ പൂർത്തിയാക്കാവുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യക്തമായ ധാരണയും സ്ഥല നിർണ്ണയവും.

4. മണ്ണ് പരിശോധന, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ, എസ്റ്റിമേറ്റ്, ഡി.പി.ആർ, എന്നിവ 2020 ജനുവരി 10 നകം പൂർത്തീകരിക്കരിക്കണം. ചുമതല - –എക്സിക്യൂട്ടീവ് എഞ്ചിനീയർ (ത.സ്വ.ഭവ/ബന്ധപ്പെട്ട നഗരസഭ)

5. ടെണ്ടർ പ്രോസസ് മറ്റ് അനുബന്ധ കാര്യങ്ങൾ 2020 മാർച്ച് 31 നകം പൂർത്തീകരിക്കണം. ചുമതല –എക്സിക്യൂട്ടീവ് എഞ്ചിനീയർ (ത.സ്വ.ഭവ/ബന്ധപ്പെട്ട നഗരസഭ)

മേൽ സൂചിപ്പിച്ച യോഗങ്ങളും പ്രവർത്തനങ്ങളും സ്ഥല എം.എൽ.എ യെ അറിയിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുമല്ലോ.
ഈ പ്രവർത്തനങ്ങൾക്ക് അടിയന്തിര പ്രാധാന്യം നൽകണമെന്ന് ബന്ധപ്പെട്ടവരോട് സൂചിപ്പിക്കുമല്ലോ.

KERALA INSTITUTE OF LOCAL ADMINISTRATION • THRISSUR - 680581 • KILA

സസ്നേഹം

ഡയറക്ടർ

പകർപ്പ്:
1. അഡീഷണൽ ചീഫ് സെക്രട്ടറി, ത.സ്വ.ഭ.വകുപ്പ്, തിരുവനന്തപുരം
2. ചീഫ് എഞ്ചിനീയർ, ത.സ്വ.ഭ.വകുപ്പ്